**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2488** **12-12-2022 - ൽ മറുപടിയ്ക്ക്**

**ലൈഫ് മിഷൻ മുഖേന ഫ്ലാറ്റ് സമുച്ചയ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഭൂരഹിത-ഭവനരഹിത ഗുണഭോക്താക്കൾക്കായി ലൈഫ് മിഷൻ മുഖേന എത്ര ഫ്ലാറ്റ് സമുച്ചയമാണ് നിർമ്മിച്ചു നൽകുന്നതെന്നും ഇതുവഴി എത്ര കുടുംബങ്ങൾക്ക് താമസിക്കാൻ ഇടം നൽകാൻ കഴിയുമെന്നും അറിയിക്കാമോ; | (എ) | 31 ഭവനസമുച്ചയങ്ങളാണ് നിർമ്മാണ പുരോഗതിയിൽ ഉള്ളത്.ടി 31 ഭവനസമുച്ചയങ്ങളിലൂടെ 1803 കുടുംബങ്ങളെ താമസിപ്പിക്കുവാൻ കഴിയും. |
| (ബി) | ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത ഫ്ലാറ്റ് സമുച്ചയനിർമ്മാണം നടന്നുവരുന്നതെന്ന് വ്യക്തമാക്കാമോ; ഓരോ ജില്ലയിലെയും നിർമ്മാണ പുരോഗതി ഇനം തിരിച്ച് വിശദമാക്കാമോ; | (ബി) | തിരുവനന്തപുരം ,കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിൽ ഭവന സമുച്ചയ നിർമ്മാണം നടന്നു വരുന്നു. ജില്ലാ അടിസ്ഥാനത്തിലുള്ള പുരോഗതി വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | പുതുതായി എത്ര ഫ്ലാറ്റുകൾ കൂടി നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും എത്ര കുടുംബങ്ങൾക്ക് ഇതിലൂടെ സ്വന്തമായി വീട് എന്ന സ്വപ്നം സാക്ഷാൽക്കരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ; | (സി) | പുതുതായി രണ്ട് ഫ്ളാറ്റുകൾ കൂടി നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിലൂടെ 154 കുടുംബങ്ങൾക്ക് സ്വന്തമായി വീടെന്ന സ്വപ്നം സാക്ഷാത്കരിക്കാൻ കഴിയും. |
| (ഡി) | പരമ്പരാഗത രീതിയിലെ ഡിസൈൻ, നിർമ്മാണരീതി എന്നിവ പിൻതുടരുന്നതിന് പകരം പുതിയകാല നിർമ്മാണ രീതിയായ പ്രീകാസ്റ്റ് പ്രീസ്ട്രസ്ഡ് സാങ്കേതികവിദ്യ അവലംബിച്ചുള്ള കെട്ടിട നിർമ്മാണത്തിന്റെ സാദ്ധ്യത പരിശോധിക്കാൻ കഴിയുമോയെന്ന് അറിയിക്കാമോ; ഇതിനായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | നിർമ്മാണ പുരോഗതിയിലുള്ള 31 ഭവന സമുച്ചയങ്ങളിൽ29 ഭവന സമുച്ചയങ്ങളും നൂതന നിർമ്മാണ സാങ്കേതിക വിദ്യയായ എൽ.ജി.എസ്.എഫ് ടെക്നോളജി ഉപയോഗിച്ചാണ് നിർമ്മിച്ചുവരുന്നത്.<br><br>പ്രീകാസ്റ്റ് പ്രീസ്ട്രസ്ഡ് സാങ്കേതികവിദ്യ അവലംബിക്കുന്ന വിഷയം നിലവിൽ പരിഗണിച്ചിട്ടില്ല. പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| Sl No. | Location/ Local body | Progress |
|---|---|---|
| 1 | **Kollam** - Punalur | Finishing work in progress. 98 % completed |
| 2 | **Kottayam** -Vijayapuram | Finishing work in progress. 82 % completed |
| 3 | **Idukki**- Karimannur | Finishing work in progress. 80 % completed |
| 4 | **Kannur** - Kadambur | Finishing work in progress. 98 % completed |
| 5 | **Kasargode**- Chemmanad | Foundation completed. Superstructure work in progress. |
| 6 | **Palakkad** - Chittur Thathamangalam | Foundation completed. Superstructure work in progress. |
| 7 | **Kozhikkode** - Chathamangalam | Foundation completed. Superstructure work in progress. |
| 8 | **Pathananmthitta -** Enathu, Ezhamkulam | ➤**Block-1**<br>Foundation completed. Superstructure work in progress.<br>➤**Block-2**<br>Completed upto Plinth level |
| 9 | **Alappuzha -**Mannancheri | Foundation completed. Superstructure work in progress. |
| 10 | **Kannur** - Kannapuram | **Block-A and B**<br>Foundation completed. Superstructure work in progress. |
| 11 | **Pathanmthitta** - Pandalam | Foundation completed. |
| 12 | **Alappuzha** - Punnapra | Foundation work in progress. |
| 13 | **Wayanad** -Poothadi | Informed Agency to restart the work |
| 14 | **Ernakulam-**Aiyyampuzha | Superstructure work in progress. |
| 15 | **Thrissur - Kaarallam** | Superstructure work in progress. |
| 16 | **Kannur** - Anthur | Superstructure work in progress. |
| 17 | **Alappuzha-** Naduvattom, Pallippad | Foundation work in progress. |
| 18 | **Kottayam -** Midaikunnu, Thalayolaparambu | Foundation work in progress. |
| 19 | **Thiruvananthapuram** Madavoor | Foundation work in progress. |
| 20 | **Kozhikkode -**Mandankavu, Naduvannur | Foundation work in progress. |
| 21 | **Kannur** Chirakkal,Chirakkal | Foundation work in progress. |
| 22 | **Kannur -** Payyanur | Foundation work in progress. |
| 23 | **Ernakulam**, Koothattukulam | Foundation work in progress. |
| 24 | **Kollam -**Thazhamel, Anchal | Superstructure work in progress. |
| 25 | **Malappuram** - Alancode | Foundation work in progress. |
| 26 | **Palakkad -** kodumbu | Superstructure work in progress. |
| 27 | **Idukki** - Kattappana | Superstructure work in progress. |
| 28 | **Idukki -** Kanchiyaar | Foundation work in progress. |
| 29 | **Idukki -** Vaathikudi | Superstructure work in progress. |

| PARTNERSHIP PROJECTS | | |
|---|---|---|
| 1 | GCDA | **Block -1** - PEB erection in progress<br><br>**Block -2** PEB erection completed<br>Block work in progress |
| 2 | Perinthalmanna - Malappuram | 27 Block completed out of 34<br><br>7 Block work in Progress |